**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 900

13.06.12ൽ മറുപടിയ്ക്ക്

## ഡി.റ്റി.പി.സി.കളുടെ പുന:സംഘടന

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.എ.അസീസ്<br>ശ്രീ.കോവൂർ കുഞ്ഞുമോൻ | ശ്രീ.എ.പി.അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | (എ) | ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ഈ സാമ്പത്തിക വർഷം പദ്ധതി നടത്തിപ്പിനായി അഞ്ചു കോടി രൂപ വകയിരുത്തിയിട്ടുണ്ട്. നടപ്പിലാക്കി വരുന്ന പദ്ധതികളുടെ കാര്യ ക്ഷമത ഉറപ്പാക്കുന്നതിനായി മാസം തോറും വകുപ്പു തലത്തിൽ റിവ്യൂ മീറ്റിംഗുകൾ സംഘടിപ്പിക്കുന്നുണ്ട്. പൂർത്തിയായ പദ്ധതികൾ അതാത് ഡി.റ്റി.പി.സികൾക്ക് നടത്തിപ്പിനും സംരക്ഷണത്തിനുമായി കൈമാറുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | സംസ്ഥാനത്തെ ടൂറിസം പ്രൊമോഷൻ കൗൺസിലുകളുടെ ജനറൽ ബോഡിയും എക്സിക്യൂട്ടീവ് കമ്മിറ്റിയും പുന:സംഘടിപ്പിച്ചിട്ടുണ്ടോ; | (ബി) | സംസ്ഥാനത്ത് കൊല്ലം, ആലപ്പുഴ, ഇടുക്കി, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ്, എന്നീ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകളുടെ ജനറൽ ബോഡിയും എക്സിക്യൂട്ടീവ് കമ്മിറ്റിയും പുന;സംഘടിപ്പിച്ചിട്ടുണ്ട്, |
| (സി) | നിലവിൽ ഓരോ ജില്ലയിലുമുള്ള ഡി.റ്റി.പി.സി. എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ ആരെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (സി) | നിലവിലുള്ള എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | ഡി.റ്റി.പി.സി.കളുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും എന്തൊക്കയാണെന്ന് വ്യക്തമാക്കുമോ? | (ഡി) | സ്വകാര്യ പൊതുമേഖലാ പങ്കാളിത്തത്തോടെ പ്രാദേശിക ഉൽപ്പന്നങ്ങളുടെ വിപണനം, വിനോദ സഞ്ചാര ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനു വേണ്ടിയുള്ള നടപടികൾ തദ്ദേശ ഭരണ സ്ഥാപനങ്ങളുമായി പ്രവർത്തിച്ച് ശുചീകരണം മെച്ചപ്പെടുത്തലും മാലിന്യ നിയന്ത്രണവും ചെയ്യുന്നു. കൂടാതെ വിനോദ സഞ്ചാര ക്ളബ്ബുകളുടെ |

ഏകോപനം, ടൂറിസം ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കൽ, ഹോംസ്റ്റേകളുടെ പ്രോത്സാഹനം, വിനോദ സഞ്ചാരികൾക്ക് സൗകര്യമൊരുക്കൽ, ടൂറിസം കേന്ദ്രങ്ങളിൽ പേ & യൂസ് ടോയ്‌ലറ്റുകളുടെ നടത്തിപ്പ്, പാർക്കുകളുടെ നടത്തിപ്പും വികസനവും, കുടുംബശ്രീയുമായി ചേർന്നുള്ള ശുചീകരണ പരിപാടികൾ, ടൂറിസം പദ്ധതികളുടെ നടപ്പാക്കൽ, ടൂറിസം കേന്ദ്രങ്ങളുടെ പരിപാലനം എന്നിവയും ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകളുടെ ചുമതലകളാണ്.

സെക്ഷൻ ഓഫീസർ